കേട്ടതിനു ശേഷമാണ് തൽക്കാലത്തേയ്ക്ക് അതു മാറ്റിവയ്ക്കാൻ തീരുമാനിച്ചത്. സ്കൂളുകൾ അനുവദിക്കുമ്പോൾ ആ സ്കൂളിനു വേണ്ടിയുള്ള നിർദ്ദേശവും അതിന്റെ മെറിറ്റിന്റെ അടിസ്ഥാനത്തിൽ പരിഗണിക്കുന്നതാണ്.

ശ്രീ. ടി. കെ. രാമകൃഷ്ണൻ: കേന്ദ്രഗവൺമെന്റിന്റെ സർവ്വെ റിപ്പോർട്ട് മുഖ്യമായി എടുക്കുകയില്ലെന്നു അങ്ങു പറഞ്ഞതായിട്ടാണ് എനിക്കു തോന്നിയത്. ശ്രീ. കുര്യന്റെ ചോദ്യത്തിനു മറുപടിയായി ഇടയ്ക്കിടെ സ്കൂൾ അനുവദിക്കുന്നതിൽ ഉണ്ടാകുന്ന അഴിമതിയും ആക്ഷേപങ്ങളും ഒഴിവാക്കാൻ വേണ്ടിയാണ് സർവ്വേറിപ്പോർട്ട് ആധാരമാക്കി അനുവദിക്കാൻ തീരുമാനിച്ചത്. അത് ആധാരമാക്കി അനുവദിക്കാതിരിക്കാൻ കാരണമെന്താണ്?

ശ്രീ. സി. എച്ച്. മുഹമ്മദുകോയ: ശ്രീ. കുര്യന്റെ ചോദ്യത്തിനുള്ള എന്റെ മറുപടിയിൽ ബഹുമാനപ്പെട്ട രാമകൃഷ്ണൻ മനസിലാക്കിയതാണ് അതു. കേരള ഗവൺമെന്റു തന്നെയാണ് ഈ സർവ്വെ നടത്തിയത്. സർവ്വെ റിപ്പോർട്ട് അനുസരിച്ചു നടപടിയെടുക്കുകയില്ലെന്നു ഞാൻ പറഞ്ഞില്ല. ഉദ്യോഗസ്ഥൻമാരുടെ സർവ്വെ മാത്രമായിരിക്കും അതിൽ ഉള്ളത്. അതുമാത്രം കണക്കിലെടുത്തുകൊണ്ട് അനുവദിക്കുന്നതു ശരിയല്ല എന്നേ പറഞ്ഞുള്ളൂ. ഡി. ഡി. സി. യുടെ അഭിപ്രായങ്ങളും പരിഗണിക്കും. ഇതിനു ആധാരം സർവ്വെ തന്നെയായിരിക്കും.

ശ്രീ. വി. വി. കുഞ്ഞാമ്പു: സ്കൂളുകൾ സ്ഥാപിക്കുമ്പോൾ അതാതു ജില്ലാ വികസന സമിതികളെ നൽകുന്ന ശുപാർശ പരിഗണിക്കുമോ?

ശ്രീ. സി. എച്ച്. മുഹമ്മദുകോയ: ശുപാർശമാത്രം അനുസരിച്ചു ചെയ്യാൻ പറ്റുകയില്ല. സർവ്വെറിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ജില്ലാ വികസനസമിതിയോടുകൂടി ആലോചിച്ചുകൊണ്ടായിരിക്കും ചെയ്യുക.

ശ്രീ. എസ്. ദാമോദരൻ: കഴിഞ്ഞ പ്രാവശ്യം സ്കൂളുകൾ അനുവദിച്ച അവസരത്തിൽ മുൻഗണനാലിസ്റ്റിൽ ഉൾപ്പെടുത്തിയിട്ടുള്ളതും എന്തോ കാരണത്താൽ അനുവദിക്കാതിരുന്നതുമായിട്ടുള്ള സ്കൂളുകളുടെ കാര്യത്തിൽ പ്രത്യേക പരിഗണന കൊടുക്കാൻ തയ്യാറാകുമോ?

ശ്രീ. സി. എച്ച്. മുഹമ്മദുകോയ: അങ്ങനെ ഉറപ്പു നൽകാൻ സാധ്യമല്ല. ഇനി സ്കൂൾ അനുവദിക്കുമ്പോൾ അന്നത്തെ പരിതസ്ഥിതിയനുസരിച്ച് സർവ്വെയും ശുപാർശയും എല്ലാം കണക്കിലെടുത്ത് വേണ്ടതു ചെയ്യാം.

കേരളാ ഫൈനാൻഷ്യൽ എന്റർപ്രൈസസിന്റെ പ്രവർത്തനം

* 46. [133] ശ്രീ. സി. എം. കുട്ടി:

,, എൻ. ഐ. ദേവസ്സിക്കുട്ടി:

താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളാ ഫൈനാൻഷ്യൽ എന്റർപ്രൈസസിന്റെ പ്രവർത്തനം ആരംഭിച്ചുകഴിഞ്ഞോ;

(ബി) ഇതിന്റെ ആവശ്യത്തിനു ഗവൺമെന്റ് ബജറ്റിൽ നിന്നു എത്ര രൂപാ വകയിരുത്തിയിട്ടുണ്ട്;

(സി) പ്രസ്തുത സ്ഥാപനത്തിന്റെ ചെയർമാനായി ഒരു മുൻ മന്ത്രിയെ ഗവൺമെന്റ് നിയമിക്കുകയുണ്ടായോ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ഉണ്ടെങ്കിൽ ആ നിയമനം പിന്നീട് ഗവൺമെൻറ് റദ്ദാക്കുകയുണ്ടായോ;

(ഇ) എങ്കിൽ അതിനു് എന്താണു കാരണം?

ധനകാര്യമന്ത്രി (ശ്രീ. എൻ. കെ. ശേഷൻ):

(എ) 2-12-1969-ൽ തൃശ്ശൂർ ആസ്ഥാനമാക്കി പ്രവർത്തനമാരംഭിച്ചു.

(ബി) ഈ സാമ്പത്തികവർഷത്തിൽ ഒരുലക്ഷം രൂപാ ഗവൺമെൻറിൽ നിന്നും മൂലധനമായി ഈ കമ്പനിക്ക് കൊടുത്തിട്ടുണ്ട്. അടുത്ത വർഷം അഞ്ചുലക്ഷം രൂപാകൂടി ഗവൺമെൻറ് മുതൽ മുടക്കണമെന്നു് കമ്പനി അപേക്ഷിച്ചിരിക്കുകയാണു്. ഈ കാര്യം പരിഗണിച്ചു് അടുത്ത ബഡ്ജറ്റിൽ പാർട്ട് 2 വിൽ പെടുത്തേണ്ട കാര്യം വളരെ സജീവമായി പരിഗണിച്ചുകൊണ്ടിരിക്കുകയാണു്.

(സി) നിയമിക്കുകയുണ്ടായി.

(ഡ) റദ്ദാക്കുകയുണ്ടായി.

(ഇ) അദ്ദേഹം ആ നിയമനം സ്വീകരിച്ചില്ല.

ശ്രീ. സി. എം. കുട്ടി: ഫൈനാൻഷ്യൽ എൻറർപ്രൈസസിൻെറ പരിധിയിൽ ഹയർ പർച്ചേസും കൂടി ഉൾപ്പെടുമെന്നാണു് ഞാൻ വിചാരിക്കുന്നതു്. അങ്ങനെയാണെങ്കിൽ പ്രൈവറ്റ് ഏജൻസികളും ബാങ്കുകളും ഇപ്പോഴും നടത്തുന്ന രീതിയേക്കാൾ ഇതു മെച്ചമാണെന്നുള്ള കാര്യം വ്യക്തമാക്കുമോ?

ശ്രീ. എൻ. കെ. ശേഷൻ: സർ, കേരള ഫൈനാൻഷ്യൽ എൻറർപ്രൈസസിൻെറ പ്രവർത്തനപരിപാടികളിൽ ഹയർ പർച്ചെയ്സുംകൂടി ഉൾപ്പെടുത്തിയിട്ടുണ്ട്. ആ ഹയർ പർച്ചെയ്സ് ഏതുവിധത്തിൽ നടപ്പാക്കണമെന്നുള്ളതിനെ സംബന്ധിച്ച് ഈ ഫൈനാൻഷ്യൽ എൻറർപ്രൈസസ് തന്നെ ഒരു സ്പെഷ്യലാഫീസറെ നിയമിച്ചിട്ടുണ്ട്. ഇതിൻെറ വിവിധ വശങ്ങളെ സംബന്ധിച്ച അദ്ദേഹത്തിൻെറ റിപ്പോർട്ടു കിട്ടാതെ അതിനെ സംബന്ധിച്ച് എന്തെങ്കിലും പറയാൻ സാധിക്കുകയില്ല.

ശ്രീ. എൻ. ഐ. ദേവസ്സിക്കുട്ടി: ഫൈനാൻഷ്യൽ കാർപ്പറേഷൻെറ ചെയർമാനായിട്ട് ശ്രീമാൻ പി. ആർ. കുറുപ്പിനെ നിയമിക്കുന്നതിനു മുമ്പ് ബഹുമാനപ്പെട്ട മന്ത്രി മുഖ്യമന്ത്രിയോടോ ഭരണകക്ഷിയുടെ ഐക്യകമ്മിറ്റിയോടോ ആലോചിച്ച് അംഗീകാരം നേടുകയുണ്ടായോ?

ശ്രീ. എൻ. കെ. ശേഷൻ: ആവക കാര്യങ്ങളൊന്നും ഇവ്വിടെ സംഗതമാണെന്നു തോന്നുന്നില്ല. ഗവൺമെൻറ് സാധാരണ ഇത്തരം നിയമനങ്ങളും നടത്തുമ്പോൾ സ്വീകരിക്കാറുള്ള നടപടികളും അനുസരിച്ചാണു് ചെയ്തിട്ടുള്ളതു്.

ശ്രീ. എൻ. കെ. ദേവസ്സിക്കുട്ടി: രണ്ടാമതു ചെയർമാനായിട്ട് നിയമിച്ചതു ആരെയാണു്, അദ്ദേഹം ശ്രീമാൻ പി. ആർ. കുറുപ്പിൻെറ അടുത്ത ബന്ധുവാണെന്നു പറയുന്നതു ശരിയാണോ?

ശ്രീ. എൻ. കെ. ശേഷൻ: ചെയർമാനായി നിയമിച്ചയാളും പാലക്കാട്ടെ ഒരു പ്രമുഖ അഡ്വക്കറ്റായ ശ്രീമാൻ ടി. മാധവൻനായരാണു്. അദ്ദേഹം ശ്രീമാൻ പി. ആർ. കുറുപ്പിൻെറ ബന്ധുവാണോയെന്നു് ഗവൺമെൻറിനു് അറിവില്ല.

ശ്രീ. ടി. കെ. കൃഷ്ണൻ: അഴിമതിയാരോപണത്തിനു വിധേയനായ ഒരു മുൻ മന്ത്രിയെ അതിൻെറ ചെയർമാനായി നിയമിക്കാൻ എന്തു ചേതോവികാരമാണു് ഗവൺമെൻറിനെ നയിച്ചതു്?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എൻ. കെ. ശേഷൻ: ആ ചോദ്യം ചോദിച്ചതിൽ വളരെ സന്തോഷമുണ്ട്. ഈ അഴിമതിയാരോപണത്തിന്റെ അഗ്നികുണ്ഡത്തിലേയ്ക്ക് ഹോമിക്കുന്നതിനുവേണ്ടി വലിച്ചെറിയപ്പെട്ട ബഹുമാനപ്പെട്ട മെമ്പറുടെ പാർട്ടിയുടെ മുൻ മുഖ്യമന്ത്രി ഇവിടെ വായിച്ച മന്ത്രരേഖയിൽ.....

(നിരവധി ആളുകളും ബഹളമുണ്ടാക്കിക്കൊണ്ടിരുന്നു)

മി. സ്പീക്കർ: അഴിമതിയാരോപണത്തിനു വിധേയനായ ഒരു മന്ത്രിയെന്ന നിലയ്ക്കാണ് ചോദ്യം ചോദിച്ചത്. ആ നിലയ്ക്ക് അഴിമതിയാരോപണത്തിനു വിധേയനായ മന്ത്രിയെപ്പറ്റി മറുപടി പറയാനും അർഹതയുണ്ട്. ആ ചോദ്യം ചോദിക്കാമെങ്കിൽ ഉത്തരവും കേട്ടുകൊണ്ടിരിക്കണം.

ശ്രീ. ടി. കെ. കൃഷ്ണൻ: സർ, ഒരു പോയിന്റ് ആഫ് ആർഡർ. മന്ത്രിക്കു മറുപടിപറയാനുള്ള അവകാശത്തെ ഞാൻ ചോദ്യം ചെയ്യുന്നില്ല. മറുപടി പറയുന്നതിന് ഇവിടെ ചിലചട്ടങ്ങളുണ്ട്. അതനുസരിച്ച് മറുപടി പറയണം. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇവിടെ വായിച്ച രേഖയെസംബന്ധിച്ച് മന്ത്രരേഖയെന്നു പറയുന്നതു ശരിയാണോ, അതു പിൻവലിക്കണം.

ശ്രീ. എൻ. കെ. ശേഷൻ: മന്ത്രരേഖയെന്നുള്ളത് ഏതു ഭാഷാപരമായ വ്യാഖ്യാനത്തോടുകൂടി നോക്കിയാലും പരിശുദ്ധമായ, പരിപാവനമായ ഒരു വാക്കാണ്. അത് ഇഷ്ടമില്ലെങ്കിൽ ഞാൻ പിൻവലിക്കുന്നു.

ശ്രീ. സി. ബി. ചന്ദ്രശേഖരവാര്യർ: മലയാളത്തിൽ പറഞ്ഞാൽ മതി.

ശ്രീ. എൻ. കെ. ശേഷൻ: മലയാളഭാഷ സംസ്കൃത ബഹുലമാണെന്ന് ബഹുമാനപ്പെട്ട മെമ്പർക്കും അറിയാവുന്നതാണ്. അറിഞ്ഞുകൂടെങ്കിൽ എനിക്കൊന്നും പറയാനുമില്ല.

(നിരവധിയംഗങ്ങൾ എഴുന്നേറ്റുനിന്നു ബഹളംകൂട്ടി)

മി. സ്പീക്കർ: മിസ്റ്റർ കുഞ്ഞാമ്പു ആദ്യമായിട്ട് ഇരിക്കണം. ഈ വാക്കിന്റെ അർത്ഥം മനസ്സിലായില്ലെന്നു പറഞ്ഞതിന്റെ അടിസ്ഥാനത്തിൽ അദ്ദേഹം അതു പിൻവലിക്കുകയും ചെയ്തു.

ശ്രീ. എൻ. കെ. ശേഷൻ: അഴിമതിയാരോപണത്തിന്റെ അഗ്നികുണ്ഡത്തിലേയ്ക്ക് വലിച്ചെറിയുന്നതിന് ആധാരമായിട്ടുള്ള രേഖ അന്നത്തെ മുഖ്യമന്ത്രി ഈ നിയമസഭയിൽ വായിച്ചതിന്റെ കൂട്ടത്തിൽ ആ ആരോപണത്തിനു വിധേയരായ അന്നത്തെ മൂന്നു മന്ത്രിമാരും മന്ത്രിപദം രാജിവയ്ക്കേണ്ടതില്ലെന്ന് അതിൽ പറഞ്ഞിട്ടുണ്ടായിരുന്നു. ആ നിലയ്ക്ക് അതിന്റെ അടിസ്ഥാനത്തിൽ നോക്കുമ്പോൾ മന്ത്രിസ്ഥാനത്തോടു യാതൊരുതരത്തിലും താരതമ്യപ്പെടുത്താൻ സാധ്യമല്ലാത്ത ഒരു സ്ഥാനത്ത് ആ മുൻ മന്ത്രിയെ നിയമിച്ചതിൽ യാതൊരു അസാംഗത്യവുമില്ലെന്നാണ് ഗവൺമെന്റ് വിശ്വസിക്കുന്നത്.

ശ്രീ. കെ. കെ. അബു: മുൻമന്ത്രി ആ നിയമനം സ്വീകരിച്ചില്ലെന്നു പറയുകയുണ്ടായി. അദ്ദേഹത്തോടു അന്വേഷിച്ചിട്ടായിരിക്കുമല്ലോ നിയമനം നടത്തിയത്. അതുപോലെതന്നെ ഗവൺമെന്റിന് ശ്രീമാൻ കുറുപ്പും ശ്രീമാൻ മാധവൻനായരും തമ്മിലുള്ള ബന്ധമെന്താണെന്നറിയില്ലെങ്കിലും ബഹുമാനപ്പെട്ട മന്ത്രിയ്ക്ക് ഇത് അറിയാമോ, എന്തു പറയുന്നു മനസ്സാക്ഷി?

ശ്രീ. എൻ. കെ. ശേഷൻ: മനസ്സാക്ഷിയുടെ പ്രശ്നമല്ല ഇത്. ഗവൺമെന്റിന്റെ പ്രവർത്തനമാണ്. ആ പ്രവർത്തനം ഞാൻ ഇവിടെ വിശദീകരിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. കെ. അബു: അങ്ങനെ നിയമിക്കാൻ പാടുണ്ടോ? പ്രധാനപ്പെട്ട നിയമനങ്ങൾ നടത്തുമ്പോൾ അതിനെപ്പറ്റി അന്വേഷിക്കേണ്ട ബാധ്യത മന്ത്രിക്കുണ്ടായിരുന്നില്ലേ; സർക്കാരിന് ഉണ്ടായിരുന്നില്ലേ?

ശ്രീ. എൻ. കെ. ശേഷൻ: സർ ഗവൺമെൻറ് രണ്ടു നടപടികളും കൈക്കൊള്ളാറുണ്ട്. നിയമിക്കുന്ന ആളെ ഗവൺമെൻറ് എഴുതി അറിയിക്കും. അപ്പോൾ അയാൾ ഇഷ്ടമില്ലെങ്കിൽ ഇങ്ങോട്ട് എഴുതി അറിയിക്കും, അപ്പോൾ ഗവൺമെൻറ് മറെറാരു നിയമനം നടത്തും. അതിൽ യാതൊരു അപാകതയുമില്ല.

ശ്രീ. ടി. കെ. രാമകൃഷ്ണൻ: ഈ തീരുമാനം ഗവൺമെൻറ് എടുത്തതിനുശേഷം ഗവൺമെൻറിൽ പ്രാതിനിധ്യമുള്ള കക്ഷികൾക്കിടയിൽത്തന്നെ ഇതുസംബന്ധിച്ച് അഭിപ്രായവ്യത്യാസമുണ്ടായിരുന്നുഎന്നും ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ സാന്നിദ്ധ്യത്തിൽ ഡൽഹിയിൽവച്ചു മി. ശേഷൻ പറഞ്ഞ മറുപടിയിൽ അദ്ദേഹം മൗനം അവലംബിച്ചതേ ഉള്ളൂ എന്നും അതുകൊണ്ട് കക്ഷികൾക്കിടയിലുള്ള അഭിപ്രായവ്യത്യാസംമൂലമാണ് അദ്ദേഹത്തെ മാറിയതെന്നും അറിയുന്നതിൽ ശരിയുണ്ടോ?

ശ്രീ. എൻ. കെ. ശേഷൻ: യാതൊരു ശരിയുമില്ല. ബന്ധപ്പെട്ട കക്ഷികൾക്കിടയിൽനിന്ന് ഇതിനെ സംബന്ധിച്ച് യാതൊരു ആക്ഷേപവും ഉണ്ടായിട്ടില്ല.

ശ്രീ. ആർ. എസ്. ഉണ്ണി: കേരളാ ഫൈനാൻഷ്യൽ എൻറർപ്രൈസസിൽ ചിട്ടിയും കുറിയും ഉൾപ്പെടുന്നു എന്നറിയുന്നു. ഫൈനാൻഷ്യൽ എൻറർപ്രൈസസ് ചിട്ടിയും കുറിയും നടത്തുമ്പോൾ സ്വകാര്യസ്ഥാപനങ്ങളിൽ ഉള്ള ചിട്ടിയും കുറിയും നമ്മുടെ രാജ്യത്തു തുടരുമോ; ഇതു രണ്ടും സമാന്തരമായാണോ നടത്തുന്നത്; അതോ സ്വകാര്യസ്ഥാപനങ്ങളിലെ ചിട്ടിയും കുറിയും അവസാനിപ്പിക്കാൻ വല്ല നടപടിയും സ്വീകരിക്കുമോ?

ശ്രീ. എൻ. കെ. ശേഷൻ: കേരള സ്റേറററ് ഫൈനാൻഷ്യൽ എൻറർപ്രൈസസിൻെറ പ്രവർത്തനപരിപാടിയിൽ ചിട്ടിയും കുറിയും പെടുന്നുണ്ട്. ഗവൺമെൻറ് ഈ രംഗത്ത് ഈ സ്ഥാപനം തുടങ്ങിയതിൻെറ അർത്ഥം, ട്രാൻസ്പോർട്ടുമേഖലയിൽ സർക്കാർ ഇറങ്ങിയിട്ടുള്ളതുപോലെതന്നെ വളരെക്കാലമായി പ്രൈവറ്റ് മേഖലയുടെ ആധിപത്യത്തിൽ നടന്നുവരുന്ന ആ രംഗത്തേക്ക് ഗവൺമെൻറ് ഒരു കോപെറേറിറ്റീവായി ഇറങ്ങുന്നു എന്നുള്ളതാണ്. ബഹുമാനപ്പെട്ട ഉണ്ണി ചോദിച്ച കൂട്ടത്തിൽ ഗവൺമെൻറു ചിട്ടിയും കുറിയും തുടങ്ങുമ്പോൾ പ്രൈവറ്റ് മേഖലയെ നിയന്ത്രിക്കുമോ എന്നു ചോദിക്കുകയുണ്ടായി. പ്രൈവറ്റുമേഖലയുടെ പ്രവർത്തനത്തെ സ്വാഭാവികമായും നിയന്ത്രിക്കേണ്ടതായിവരും. പക്ഷേ മൊണോപൊളസ് ചെയ്യാൻ ഗവൺമെൻറ് ഉദ്ദേശിക്കുന്നില്ല. ഈ വകുപ്പുകൾ ഉൾക്കൊള്ളുന്നതായ ഒരു ചിട്ടിബിൽ ഈ നിയമസഭയിൽത്തന്നെ സമയം കിട്ടുകയാണെങ്കിൽ അവതരിപ്പിച്ചു പാസ്സാക്കണമെന്നാണ് ഉദ്ദേശിക്കുന്നത്.

ശ്രീ. കെ. കെ. കുമാരപിള്ള: ഈ കോർപ്പറേഷൻ പ്രവർത്തനം തുടങ്ങുന്നതോടുകൂടി ഇന്ന് കേരളത്തിൻെറ വിവിധ ഭാഗങ്ങളിൽ വളരെ വിപുലമായതോതിൽ പ്രവർത്തിക്കുന്ന പല സ്ഥാപനങ്ങളിലുമുള്ള ജീവനക്കാർക്ക് തൊഴിലില്ലായ്മ ബാധിക്കുമെന്നും അതുകൊണ്ട് ഈ സ്ഥാപനം പ്രവർത്തനം തുടങ്ങുമ്പോൾ ബഹുമാനപ്പെട്ട മന്ത്രി നേരത്തെ ഉദാഹരണം പറഞ്ഞതുപോലെ ട്രാൻസ്പോർട്ടു സർവീസ് ദേശവൽക്കരിക്കുമ്പോൾ ഏതു റൂട്ടാണോ ദേശവൽക്കരിക്കു

ന്നത് ആ കുട്ടിയെ ജീവനക്കാരെ ആ സ്ഥാപനത്തിലേക്ക് എടുക്കുന്നതുപോലെ എന്ന് ചിട്ടി, കുറി വ്യാപാരസ്ഥാപനങ്ങളിൽ പണിയെടുക്കുന്നു എന്ന് കോർപ്പറേഷനിൽ നിയമിക്കാൻ മുൻഗണന കൊടുക്കാനുള്ള വല്ല വ്യവസ്ഥയുമുണ്ടോ?

ശ്രീ. എൻ. കെ. ശേഷൻ: ബഹുമാനപ്പെട്ട കുമാരപിള്ള ഉന്നയിച്ച നിർദ്ദേശം വളരെയധികം സ്വാഗതാർഹമാണ്. അത് ഒരു പ്രശ്നമാണെന്നുള്ളതിൽ ഗവൺമെന്റിനും വളരെ ദൃഢമായ അഭിപ്രായമുണ്ട്. അത് എങ്ങനെ പരിഹരിക്കണമെന്നുള്ളതിനെ സംബന്ധിച്ച് ആലോചിച്ചുകൊണ്ടിരിക്കുകയാണ്.

ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ: കോർപ്പറേഷൻ നടത്താൻപോകുന്ന ചിട്ടിക്ക് ചിട്ടി നിയമത്തിലെ വ്യവസ്ഥകളാണ് മാതൃകയായി എടുക്കുന്നതെന്നുപറഞ്ഞു. ചിട്ടി നിയമത്തിൽ തൊണ്ണൂറുശതമാനം ചെയ്യുന്നത് കർശനമായി നിയന്ത്രണം ഏർപ്പെടുത്തിയിരിക്കുന്ന സ്ഥിതിക്ക് സെലക്ട് കമ്മിറ്റി അതംഗീകരിക്കുകയാണെങ്കിൽ ആ നിയമമനുസരിച്ചുതന്നെ ചിട്ടി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്?

ശ്രീ. എൻ. കെ. ശേഷൻ: ചിട്ടിബിൽ നടപ്പിലാകുമ്പോൾ അതിലുള്ള വ്യവസ്ഥയുടെ അടിസ്ഥാനത്തിൽമാത്രമേ നടപ്പിലാക്കാൻ തൽക്കാലം നിർവ്വാഹമുള്ളൂ.

ശ്രീ. ജോസഫ് ചാഴിക്കാട്ട്: നമ്മുടെ രാജ്യത്തിന്റെ എല്ലാ ഭാഗങ്ങളിലും വളരെവലുതായ ചിട്ടികൾ നടത്തിക്കൊണ്ടിരിക്കുകയും ആ ചിട്ടിയുടെ നടത്തിപ്പിനുവേണ്ടി അനേകം ആളുകൾ ജോലിചെയ്തുകൊണ്ടിരിക്കുകയും ചെയ്യുന്ന സ്ഥിതിക്ക് ജനങ്ങൾ ചിട്ടി നടത്തുന്നതുപോലെ സർക്കാരും ചിട്ടി നടത്തുകയല്ലാതെ കണ്ട് ജനങ്ങൾക്കുള്ള സ്വാതന്ത്ര്യം തടഞ്ഞുവച്ചുകൊണ്ട് ചിട്ടി നടത്താൻ ഉദ്ദേശിക്കുന്നുണ്ടോ?

ശ്രീ. എൻ. കെ. ശേഷൻ: അതാണ് ഞാൻ നേരത്തേ സൂചിപ്പിച്ചത്. ഗവൺമെന്റ് പ്രവർത്തനം മോണോപൊളൈസ് ചെയ്യാൻ അശേഷം ഉദ്ദേശിക്കുന്നില്ല. പ്രൈവറ്റ് മേഖലയിൽ സ്വാഭാവികമായി ചില നിയന്ത്രണങ്ങൾ ഏർപ്പെടുത്തേണ്ടിവരും.

ശ്രീ. സി. ബി. ചന്ദ്രശേഖരവാര്യർ: അഡ്വക്കേറ്റ് മാധവൻനായർ കുറുപ്പിന്റെ മകന്റെ ഭാര്യയുടെ അച്ഛനാണെന്നറിയാമോ?

ശ്രീ. എൻ. കെ. ശേഷൻ: ഗവൺമെന്റ് ബന്ധുത അന്വേഷിച്ചു നടക്കാറില്ല. അതന്വേഷിക്കാൻ ആരെയും ഏർപ്പെടുത്താറുമില്ല.

ശ്രീ. പി. കെ. കുഞ്ഞച്ചൻ: ചിട്ടി കോർപ്പറേഷന്റെ ചെയർമാനായി കുറുപ്പിനെ നിയമിച്ചതിനെതിരായി പത്രങ്ങളിലും മറ്റും ആക്ഷേപം വന്നപ്പോൾ കുറുപ്പിനെമാറ്റി പകരം മാധവൻനായരെ നിയമിച്ച് പ്രശ്നം പരിഹരിക്കുകയല്ലേ ചെയ്തത്?

ശ്രീ. എൻ. കെ. ശേഷൻ: ആ ആരോപണത്തിലെ ദുസ്സൂചനകളെയെല്ലാം ഞാൻ കഠിനമായി നിഷേധിക്കുന്നു.

(മാർക്സിസ്റ്റു ബഞ്ചുകളിൽ ബഹളം)

ശ്രീ. എൻ. കെ. ശേഷൻ: സർ, ഞാൻ പൂർത്തിയാക്കിയില്ല. പത്രങ്ങളിൽ ഇതിനെ സംബന്ധിച്ച് പരാമർശങ്ങളുണ്ടായി എന്നുള്ളതു സത്യമാണ്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. ടി. ജോർജ്ജ്: ശ്രീ. പി. ആർ. കുറുപ്പിനെ ചിട്ടി കോർപ്പറേഷന്റെ ചെയർമാനായി നിയമിച്ചതു സംബന്ധിച്ച് നിയമസഭയ്ക്കകത്തും പുറത്തും ആക്ഷേപങ്ങളുണ്ടായിട്ടുണ്ട്. മേലാലെങ്കിലും ഇതുമാതിരി ഉത്തരവാദപ്പെട്ട സ്ഥാനങ്ങളിലേക്ക് നിയമനം നടത്തുമ്പോൾ അഴിമതിയാരോപണത്തിനു വിധേയരല്ലാത്ത ആളുകളെ നിയമിക്കാൻ ഗവൺമെന്റ് ശ്രദ്ധിക്കുമോ?

ശ്രീ. എൻ. കെ. ശേഷൻ: അക്കാര്യം ഞാൻ നേരത്തെ സൂചിപ്പിച്ചു. അഴിമതിയാരോപണവിധേയനായ മന്ത്രിക്ക് ഇവിടെ തുടരാമെന്നുള്ള വ്യവസ്ഥയുണ്ടെങ്കിൽ, അതു ശരിയാണെന്നുള്ള അഭിപ്രായമുണ്ടെങ്കിൽ അദ്ദേഹത്തെ ഒരു കോർപ്പറേഷനിൽ നിയമിക്കുന്നതിലും അപാകതയൊന്നുമില്ല. ഏതായാലും ഭാവിയിൽ ഇത്തരം കുഴപ്പങ്ങൾവരാതെ ഗവൺമെന്റ് ശ്രദ്ധിക്കുന്നതാണ്.

ശ്രീ. ഇ. അഹമ്മദ്: ഹയർ പർച്ചേസിനെ സംബന്ധിച്ച് അന്വേഷിച്ച് റിപ്പോർട്ടുചെയ്യാൻ ഒരു സ്പെഷ്യലാഫീസറെ നിയമിച്ചതായി പറഞ്ഞു. സ്പെഷ്യലാഫീസറെ നിയമിക്കുന്ന കാര്യത്തെ സംബന്ധിച്ച് അന്വേഷിക്കണമെന്നു പ്രത്യേകം നിർദ്ദേശം കൊടുത്തിട്ടുണ്ടോ; സംസ്ഥാനത്തിനകത്തോ പുറത്തോ അന്വേഷണം നടത്തണമെന്നു നിർദ്ദേശം കൊടുത്തിട്ടുണ്ടോ; റിപ്പോർട്ട് എപ്പോൾ സമർപ്പിക്കണമെന്നുള്ളതിനെ സംബന്ധിച്ച് നിർദ്ദേശം കൊടുത്തിട്ടുണ്ടോ?

ശ്രീ. എൻ. കെ. ശേഷൻ: ഹയർ പർച്ചേസ് ഈ സ്ഥാപനത്തിന്റെ നേതൃത്വത്തിൽ തുടങ്ങുന്നത് നടാടെയാണ്. അതിന് അനവധി പ്രശ്നങ്ങളുണ്ട്. അതിന്റെ വ്യവസ്ഥ എന്താണെന്നു പഠിക്കേണ്ടതായിട്ടുണ്ട്. സമഗ്രമായി ഈ പ്രശ്നത്തിന്റെ എല്ലാ വശങ്ങളെ സംബന്ധിച്ചും ചിന്തിച്ച്, പഠിച്ച് ആവുന്നതും വേഗത്തിൽ റിപ്പോർട്ടു നൽകാമെന്നാണ് ഫൈനാൻഷ്യൽ എൻറർപ്രൈസസിന്റെ ഡയർക്ടർബോർഡ് ആ ഉദ്യോഗസ്ഥനോടാവാശ്യപ്പെട്ടിട്ടുള്ളത്. ആ റിപ്പോർട്ട് ഏതു തീയതിക്കു കിട്ടുമെന്നു കൃത്യമായി പറയാൻവയ്യ. അന്വേഷിച്ചു പറയാം.

ശ്രീ. ജോസഫ് ചാഴിക്കാട്ട്: ഗവൺമെന്റിലേക്ക് ഒരു പ്രധാന ഉദ്യോഗത്തിന് ആളെ നിയമിക്കുമ്പോൾ ആ ആളിന്റെ ഭാര്യ ആരാണെന്നും ഭാര്യയുടെ അച്ഛനാരാണെന്നും അച്ഛന്റെ സംബന്ധക്കാർ ആരാണെന്നും, ഭാര്യ ആദ്യത്തെ ഭാര്യയാണോ രണ്ടാമത്തെ ഭാര്യയാണോ എന്നുംമറ്റും ആലോചിച്ചാണോ നിയമിക്കേണ്ടത്?

ശ്രീ. എൻ. കെ. ശേഷൻ: അതൊക്കെ ബഹുമാനപ്പെട്ട ചാഴിക്കാടന് നല്ല വണ്ണം അറിയാം. അതിൽക്കൂടുതലായി ഒന്നും പറയേണ്ടയാവശ്യമില്ല.

ശ്രീ. ടി. കെ. രാമകൃഷ്ണൻ: ചിട്ടി കോർപ്പറേഷന്റെ ചെയർമാനായി കുറുപ്പിനെ നിയമിച്ചത് മുൻമുഖ്യമന്ത്രി ഇവിടെ ചെയ്ത പ്രസ്താവനയുടെ അടിസ്ഥാനത്തിലാണെന്നുപറഞ്ഞു. ആ തത്വം ഗവൺമെന്റു സ്വീകരിക്കുന്നുണ്ടോ?

ശ്രീ. എൻ. കെ. ശേഷൻ: ആ സൂചനയെ ഞാൻ അപ്പാടെ നിഷേധിക്കുന്നു. ഞാൻ പറഞ്ഞത് ഒരു മന്ത്രിക്ക് ആരോപണവിധേയനായിട്ടുപോലും മന്ത്രിസ്ഥാനത്തു തുടരാമെന്നുണ്ടെങ്കിൽ ചെയർമാൻസ്ഥാനത്തും ഇരിക്കാമെന്നാണ് ഈ കാര്യത്തിൽ അസാംഗത്യം കുത്തിപ്പൊക്കുന്നതു മറ്റു ചില ചേതോവികാരങ്ങൾക്ക് അടിമപ്പെട്ടിട്ടാണ്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ടി. കെ. രാമകൃഷ്ണൻ: എന്റെ ചോദ്യം മുൻ ഗവൺമെന്റിന്റെ തത്വം ഈ ഗവൺമെന്റു സ്വീകരിക്കുന്നുണ്ടോ എന്നാണ്?

മി. സ്പീക്കർ: ഇല്ലെന്നു പറഞ്ഞല്ലോ.

ശ്രീ. എൻ. കെ. ശേഷൻ: അതു തത്വമല്ല.

ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ: ഹയ്യർപർച്ചേയ്സ് എർപ്പെടുത്തുമ്പോൾ നമ്മുടെ ഇൻഡസ്ട്രീസ് സ്ഥാപനങ്ങളിൽ ഉണ്ടാക്കുന്ന സാധനങ്ങൾക്ക് കൂടി മാർക്കറ്റു കിട്ടുന്നതിന് ആ സാധനങ്ങൾകൂടി ഹയ്യർപർച്ചേയ്സിൽ എടുത്തു വിൽക്കുന്നതിനു പ്രത്യേകം ശ്രദ്ധിക്കുമോ? അല്ലെങ്കിൽ മറ്റു ചില സംസ്ഥാനങ്ങളിൽ ഉണ്ടാക്കുന്നതു വിൽക്കുന്ന സംസ്ഥാനമായിട്ട് നമ്മുടെ സംസ്ഥാനം സാമ്പത്തികമായി അധഃപതിച്ചുപോകാൻ ഇടയുണ്ട്.

ശ്രീ. എൻ. കെ. ശേഷൻ: ബഹുമാനപ്പെട്ട മെമ്പർ നിർദ്ദേശിച്ച കാര്യം വളരെ പ്രധാനപ്പെട്ടതാണ്. അക്കാര്യം ഗവൺമെന്റ് ആലോചിക്കുന്നതാണ്.

ശ്രീ. എം. രാമുണ്ണി: ചിട്ടി കോർപ്പറേഷനിലെ നിയമനങ്ങളും ഫൈനാൻഷ്യൽ എന്റർപ്രൈസിന്റെ കീഴിലുള്ള താൽക്കാലിക നിയമനങ്ങളും എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന നടത്തുവാൻ ദയവുണ്ടാകുമോ; സ്ഥിരമായിട്ടുള്ള നിയമനങ്ങൾ പി. എസ്. സി. ക്ക് വിടാൻ ദയവുണ്ടാകുമോ?

ശ്രീ. എൻ. കെ. ശേഷൻ: താൽക്കാലിക നിയമനങ്ങൾ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴിയാണ് നടത്തിവരുന്നത്.

ശ്രീ. പി. എൻ. ചന്ദ്രസേനൻ: സർ, മറ്റെല്ലാ കോർപ്പറേഷനുകളുടെയും ആസ്ഥാനം നമ്മുടെ തലസ്ഥാനനഗരിയായ തിരുവനന്തപുരത്തായിരിക്കെ കേരള ഫൈനാൻഷ്യൽ എന്റർപ്രൈസ് കോർപ്പറേഷന്റെ പ്രവർത്തനകേന്ദ്രം തൃശ്ശൂരിൽ ആക്കിയിരിക്കുന്നതു ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെയും ധനകാര്യമന്ത്രിയുടെയും നാടായതുകൊണ്ടാണെന്ന് ഒരു ആക്ഷേപമുണ്ട്. അതു ശരിയാണോ?

ശ്രീ. എൻ. കെ. ശേഷൻ: അതു ശരിയല്ല. ഒന്നാമത് ഈ ഗവൺമെന്റിന്റെ ആധിപത്യത്തിലുള്ള കോർപ്പറേഷനുകളെല്ലാം തിരുവനന്തപുരത്തല്ല. കോട്ടയത്ത് ഒന്നുണ്ട് കൊല്ലത്ത്, ആലപ്പുഴയിൽ കണ്ണൂരിൽ എറണാകുളം എന്നിവിടങ്ങളിൽ ഓരോന്നുണ്ട്. ഏറ്റവും അധികം എണ്ണം തിരുവനന്തപുരത്ത് ആണെന്നേയുള്ളു. പുതിയ കോർപ്പറേഷൻ വന്നപ്പോൾ ചിട്ടിയുടെയും കുറിയുടെയും ആസ്ഥാനമായ തൃശ്ശൂരിൽ സ്ഥാപിച്ചുവെന്നേയുള്ളു.

ശ്രീ. കെ. കെ. അബു: സാജനപക്ഷപാതത്തിനും സ്വന്തം പാർട്ടിക്കാരെ കുത്തിച്ചെലുത്തുന്നതിനും ശ്രമിച്ചു എന്നതിനു തെളിവല്ലേ ചെയർമാനായി ഒരു ഐ. എസ്. പി. കാരനെ തെരഞ്ഞെടുത്തത്.

ശ്രീ. എൻ. കെ. ശേഷൻ: ഒരു ഐ. എസ്. പി. ക്കാരനെയല്ല തെരഞ്ഞെടുത്തത്. ഗവൺമെന്റ് തെരഞ്ഞെടുത്തത് ഒരു അഡ്വക്കേറ്റിനെ ആണ്.

ഹെൽത്ത് സർവ്വീസ് ഡിപ്പാർട്ടുമെന്റിലെ ഉദ്യോഗസ്ഥൻമാർ

*47. [189] ശ്രീ. കമാലിയാസ് മൊറായിസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗതവും ആരോഗ്യവും മന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly